# അനാട്ടമി ഡിപ്പാർട്ട്മെന്റ്

## ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി

### ജീവിച്ചിരിക്കുമ്പോൾ ശരീരം ദാനം ചെയ്യുന്നതിന്റെ രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കാതെ പോയവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

- സ്വീകർത്താവായ പ്രൊഫസർ & ഡിപ്പാർട്ട്മെന്റ് മേധാവി, അനാട്ടമി വിഭാഗം, ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി എന്ന് വിലാസത്തിൽ വെള്ളപേപ്പറിൽ മൃതശരീരം ദാനം ചെയ്യുവാൻ സമ്മതമാണെന്ന് നിയമപരമായ എല്ലാ അനന്തരാവകാശികളും ഒപ്പിട്ട് സമർപ്പിക്കുന്ന അപേക്ഷയിൽ രണ്ട് സാക്ഷികളും ഒപ്പിട്ടിരിക്കണം.
- മരണം സംഭവിച്ച വ്യക്തിയുടെയും, അപേക്ഷയിൽ ഒപ്പിട്ട എല്ലാവരുടെയും ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.
- അന്തരിച്ച വ്യക്തിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ സമർപ്പിക്കണം.
- മരണകാരണം, മരിച്ച ദിവസം, സമയം എന്നിവ രേഖപ്പെടുത്തിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് അല്ലാത്തപക്ഷം ആശുപത്രിയിൽ നിന്നും ലഭിച്ച ഡെത്ത് സമ്മറി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന് ലഭിക്കാത്ത പക്ഷം മാത്രം തദ്ദേശസ്വയംഭരണവകുപ്പിലെ ഉദ്യോഗസ്ഥരുടെയോ ജനപ്രതിനിധികളുടെയോ സാക്ഷ്യപത്രം സ്വീകരിക്കുന്നതാണ്.
- ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മരണകാരണം അസ്വാഭാവികമല്ല എന്ന് തെളിയിക്കുന്ന രേഖയും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

### ശരീരദാനം രജിസ്ട്രേഷൻ ചെയ്തവവരുടെ മൃതദേഹം കൊണ്ടുവരുമ്പോൾ ഹാജരാക്കേണ്ട രേഖകൾ

- രജിസ്ട്രേഷൻ പൂർത്തികരിച്ച സമയത്ത് അനുവദിച്ച **"ബോഡി ഡോണർ ഐഡി കാർഡ്"** തിരിച്ചേൽപിക്കണം.
- മൃതദേഹം കൈമാറുവാൻ വരുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
- മരണകാരണം, മരിച്ച ദിവസം, സമയം എന്നിവ രേഖപ്പെടുത്തിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് അല്ലാത്തപക്ഷം ആശുപത്രിയിൽ നിന്നും ലഭിച്ച ഡെത്ത് സമ്മറി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന് ലഭിക്കാത്ത പക്ഷം മാത്രം തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയോ ജനപ്രതിനിധികളുടെയോ സാക്ഷ്യപത്രം സ്വീകരിക്കുന്നതാണ്.
- ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മരണകാരണം അസ്വാഭാവികമല്ല എന്ന് തെളിയിക്കുന്ന രേഖയും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
- അന്തരിച്ച വ്യക്തിയുടെ കോവിഡ് ടെസ്റ്റ് നടത്തിയ (നെഗറ്റീവ്) സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**സമയക്രമം**

എല്ലാ ദിവസവും ഏതു സമയത്തും മൃതദേഹം സ്വീകരിക്കുന്നതാണ്.

GOVERNMENT MEDICAL COLLEGE MANJERI